നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ, ലബോറട്ടറി, ലൈബ്രറി തുടങ്ങിയവ ഏറ്റവും മികച്ച രീതിയിൽ ഒരുക്കിയിട്ടുള്ള വിദ്യാഭ്യാസ ഏജൻസികൾക്ക് സ്വാശ്രയ ബി. എഡ്. കോളേജ് തുടങ്ങുന്നതിന് എൻ. ഒ. സി. നൽകണമെന്നതാണ് സർക്കാരിന്റെ നില പാട്. പിന്നോക്ക പ്രദേശങ്ങളിലെ അപേക്ഷകർക്ക് മുൻഗണന നൽകാനും ശ്രമിച്ചിട്ടുണ്ട്.

(ബി) 2001-2003 വർഷങ്ങളിലായി ലഭിച്ച 291 അപേക്ഷകളിൽ 64 കോളേജുകൾക്ക് എൻ. ഒ. സി. നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതു ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള ഹർജികളുടെ തീർപ്പിനു വിധേയമായിട്ടായിരിക്കും.

(സി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, എസ്. സി. ഇ. ആർ. ടി. ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടർ, തിരുവനന്തപുരം ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി കോടതി ഉത്തരവനുസരിച്ച് പരിശോധന നടത്തിയിരുന്നു.

(ഡി) സൗകര്യങ്ങൾ കുറവുള്ള കോളേജുകൾക്ക് എൻ. ഒ. സി. നൽകിയിട്ടുള്ളതായി പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഇ) ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള ഹർജികളിൽ തീർപ്പുകൽപ്പിച്ച് കോടതി പുറപ്പെടുവിക്കുന്ന വിധിന്യായം പഠിച്ച് യുക്തമായ തീരുമാനമെടുക്കുന്നതാണ്.

ബി. എഡ്. കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് 'സെറ്റ്' പരീക്ഷ എഴുതാൻ അവസരം നൽകുന്നതിനുള്ള നടപടി

131 [683] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിരുദാനന്തര ബിരുദമുള്ളവരും ബി. എഡ്. കോഴ്സ് പൂർത്തിയാക്കിയവരുമായ വിദ്യാർത്ഥികൾക്ക് പ്രസ്തുത പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കാത്തതിനാൽ 2004 മാർച്ച് 7-ന് നടക്കുന്ന ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക യോഗ്യതാ പരീക്ഷയായ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റിന് (സെറ്റ്) അപേക്ഷിക്കാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ വർഷം ഇത്തരത്തിലുള്ള വിദ്യാർത്ഥികൾക്ക് സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് എഴുതാൻ അവസരം നൽകിയതുപോലെ ഇപ്രാവശ്യവും ബി. എഡ്. കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് പ്രസ്തുത യോഗ്യതാ പരീക്ഷ എഴുതുവാൻ അവസരം നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ;

(സി) ഇത്തരത്തിലുള്ള വിദ്യാർത്ഥികൾക്ക് അവരുടെ സമീപഭാവിയിലുള്ള തൊഴിലവസരങ്ങൾ നഷ്ടപ്പെടാതിരിക്കാൻ വരുംവർഷങ്ങളിലും പ്രസ്തുത യോഗ്യതാ പരീക്ഷ എഴുതാൻ അവസരം നൽകുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി, സി) ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക നിയമനത്തിന് സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള അക്കാദമിക് യോഗ്യതകൾ പൂർണ്ണമായി നേടിയവരെ മാത്രം 'സെറ്റ്' എഴുതാൻ അനുവദിച്ചാൽ മതി എന്ന് സെറ്റിന്റെ നടത്തിപ്പിനുള്ള പരീക്ഷാബോർഡ് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പരീക്ഷാ ബോർഡിന്റെ മാർഗ്ഗ നിർദ്ദേശപ്രകാരമാണ് സെറ്റിനുള്ള പ്രോസ്പെക്ടസ് തയ്യാറാക്കിയിരിക്കുന്നത്. ഇപ്പോൾ ബി. എഡ്. കോഴ്സ് പൂർത്തിയാക്കിയവരുടെ ഫലം പ്രസിദ്ധീകരിച്ച ശേഷം യോഗ്യരാകുന്നുവെങ്കിൽ അവർക്ക് അടുത്ത സെറ്റ് എഴുതാവുന്നതാണ്.

ബി. എഡ്. മിനിമം വിദ്യാഭ്യാസ യോഗ്യതയായിട്ടുള്ള തസ്തികകൾ

132 [684] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. എഡ്. മിനിമം വിദ്യാഭ്യാസ യോഗ്യതയായിട്ടുള്ള എത്ര തസ്തികകൾ വിദ്യാഭ്യാസ വകുപ്പിൽ ഇപ്പോൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) നിലവിലുള്ള ബി. എഡ്. ട്രെയിനിംഗ് കോളേജുകളിൽ എല്ലാംകൂടി ഒരു വർഷം എത്ര പേർക്ക് ട്രെയിനിംഗ് കൊടുത്തു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനകം ബി. എഡ്. ട്രെയിനിംഗ് കോഴ്സ് നടത്തുന്നതിന് എത്ര സീറ്റുകൾ വീതമുള്ള എത്ര സ്ഥാപനങ്ങൾക്ക് എൻ. ഒ. സി. നൽകുകയുണ്ടായി;

(ഡി) ബി. എഡ്. ട്രെയിനിംഗ് കഴിഞ്ഞ് ജോലി ലഭിക്കാതെ സംസ്ഥാനത്ത് നിലവിലുള്ളവരെ സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്താമോ;

(ഇ) ബി. എഡ്. ട്രെയിനിംഗ് ലഭിച്ച എത്ര പേർ പ്രതിവർഷം സംസ്ഥാനത്ത് ആവശ്യമായി വരുന്നുവെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൃത്യമായ കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ബി) 2002-ൽ നടത്തിയ ഒരു പഠനത്തിൽ 9860 ബി. എഡ്. സീറ്റുകൾ ഉള്ളതായി കണ്ടെത്തിയിരുന്നു. അതിനുശേഷം ആരംഭിച്ച 10 അൺ എയ്ഡഡ് സീറ്റുകളും ചേർത്ത് ഏകദേശം 11,000 സീറ്റുകൾ ബി. എഡ്. കോഴ്സിനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly